പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4916

27.06.2014- ൽ മറുപടിക്ക്

മുളക്കുളം പഞ്ചായത്തിൽ വൃദ്ധ സദനം.

ചോദ്യം
ശ്രീ. മോൻസ് ജോസഫ്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ വൃദ്ധസദനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. പഞ്ചായത്ത് 2001-2002 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ മുപ്പത്തഞ്ചര സെന്റ് സ്ഥലത്ത് പഞ്ചായത്ത് വൃദ്ധ മന്ദിരത്തിന് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചു എങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ആയത് സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് കെട്ടിടം പണി പൂർത്തിയാക്കി വൃദ്ധസദനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വൃദ്ധസദനം രൂപീകരിക്കുന്നത് സംബന്ധിച്ച് ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് വിളിച്ചു കൂട്ടിയ ഉന്നത തല യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; ഇവ നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പഞ്ചായത്ത് വക സ്ഥലവും പഞ്ചായത്ത് പകുതി ചെയ്തു നിർത്തിയിരിക്കുന്ന കെട്ടിടവും സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചു. തീരുമാനം നടപ്പിൽ വരുത്തുന്നതിനായി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നിലവിലുള്ള രേഖകൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയോട് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇവ ലഭ്യമായാലുടൻ തുടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിൽ ഫയൽ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ നമ്പരുകൾ നൽകാമോ; | (സി) | ഉണ്ട്. സെക്രട്ടേറിയറ്റ് സാമൂഹ്യനീതി വകുപ്പിലെ ഫയൽ നമ്പർ 867/സി3/14/സാനീവ യിലും സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിലെ ഫയൽ നമ്പർ ജി4/25449/14 -ലിലും ആണ് തുടർനടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ഡി) | ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിന്റെ മിനിട്സ് നൽകാമോ; യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത യോഗത്തിൽ സ്വീകരിച്ച തീരുമാനങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഔദ്യോഗിക നടപടിക്കുറിപ്പുകൾ ആയി പ്രത്യേകം പുറപ്പെടുവിച്ചിട്ടില്ല. യോഗ തീരുമാന പ്രകാരം വൃദ്ധ സദനം പണികഴിപ്പിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് നിലവിൽ നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ രേഖകൾ ലഭ്യമാക്കിയാലുടൻ തുടർപ്രവർത്തികൾ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ